# അണപൊട്ടിയ സങ്കടവുമായെത്തിയവർ കടലോളം കാരുണ്യം അനുഭവിച്ച് മടങ്ങി

■ എൻ.വി. മുഹമ്മദലി

മലപ്പുറം: പ്രതീക്ഷകൾ ഒന്നൊന്നായി കരിന്തിരി കത്തിയപ്പോൾ ജീവിതം ഭാരമായിത്തോന്നിയ നിസ്സഹായർ ദേവനുതുല്യം തങ്ങളുടെ സങ്കടം കേൾക്കാനെത്തിയ ജനസേവകന്റെ മുമ്പിൽ പൊട്ടിക്കരഞ്ഞു. ആശ്വാസ വാക്കുകളും ഉടൻ തന്നെ നിർദ്ദേശിക്കപ്പെട്ട പരിഹാരവും അവർക്ക് പുതുപ്രതീക്ഷനൽകി. അണപൊട്ടിയ സങ്കടവുമായെത്തിയവർ കടലോളം കാരുണ്യം അനുഭവിച്ച് മടങ്ങി.

സങ്കടങ്ങളുടെ ഭാണ്ഡക്കെട്ടുകളുമായി ഒഴുകിയെത്തിയ ജനസാഗരത്തിന് സ്നേഹസ്പർശമായി ജനനായകൻ ഉമ്മൻചാണ്ടി. കണ്ണുനനയിക്കുന്ന കാഴ്ചകളായിരുന്നു മുഖ്യമന്ത്രി മലപ്പുറത്ത് നടത്തിയ ജന സമ്പർക്കപരിപാടിയിലുടനീളം. ശരീരം പൂർണ്ണമായി തളർന്ന് പരസഹായമില്ലാതെ ഒന്നും ചെയ്യാൻ കഴിയാത്തവർ, ജൻമനാ അംഗവൈകല്യം സംഭവിച്ചവർ, സംസാരശേഷി നഷ്ടപ്പെട്ടവർ, കാഴ്ചയില്ലാത്തവർ, മാറാരോഗം ബാധിച്ചവർ, അപകടങ്ങളിൽപെട്ട് നട്ടെല്ലിന് ക്ഷതം സംഭവിച്ച് ചലനശേഷിനഷ്ടപ്പെട്ടവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ഒന്നു കരയാൻ പോലും കഴിയാത്തവർ... ഇവർക്കെല്ലാം സാന്ത്വനസ്പർശമേകുകയായിരുന്നു മുഖ്യമന്ത്രി. വർഷങ്ങളോളം സർക്കാർ ഓഫീസുകൾ കയറിയിറങ്ങിയിട്ടും പരിഹരിക്കപ്പെടാത്ത പരാതികളുമായാണ് ജനസഹസ്രങ്ങൾ ജനസമ്പർക്ക പരിപാടിയിലെത്തിയത്.

മണിക്കൂറുകൾ നിന്നും നടന്നും പരാതികളും പരിഭവങ്ങളും ക്ഷമയോടെ കേട്ട മുഖ്യമന്ത്രി ഉടനെതന്നെ പരിഹാരമുണ്ടാക്കി ജനങ്ങളെ അത്ഭുതപ്പെടുത്തി. പെട്ടെന്ന് പരിഹരിക്കാൻ കഴിയാത്ത പരാതികൾ ഉടൻ തീർപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി. പരാതി പറയാൻ ആർക്കും മുഖ്യമന്ത്രിയെ കാത്തുനിൽക്കേണ്ടിവന്നില്ല. പരാതിക്കാരുടെ അടുത്തേക്ക് നേരിട്ടുചെന്ന് പൊതുജന സേവനം എന്താണെന്ന് മുഖ്യമന്ത്രി കാണിച്ചുകൊടുക്കുകയായിരുന്നു.

അതിരാവിലെ മുതൽക്കുതന്നെ എംഎസ്പി മൈതാനിയിലേക്ക് ജനം ഒഴുകിത്തുടങ്ങിയിരുന്നു. കൃത്യം 9.30ന് തുടങ്ങിയ ജന സമ്പർക്ക പരിപാടി അർധരാത്രിയോടെയാണ് അവസാനിച്ചത്. അവസാനത്തെ പരാതിയും കേട്ടേ താൻ മടങ്ങൂ എന്ന് മുഖ്യമന്ത്രി ഇടയ്ക്കിടെ ജനങ്ങളെ ഓർമ്മിപ്പിക്കുന്നുണ്ടായിരുന്നു. ഉച്ചഭക്ഷണം പോലും ഉപേക്ഷിച്ചായിരുന്നു മുഖ്യമന്ത്രി ജനങ്ങളുടെ സങ്കടങ്ങൾ കേട്ടത്. തൊഴിലില്ലായ്മയും, ജീവിതഭാരവും, ചികിത്സയ്ക്ക് പണമില്ലാത്തതും, കുഞ്ഞുങ്ങളുടെ പഠനത്തിന് പോംവഴിയില്ലാത്തതും എല്ലാം ജനങ്ങൾ മുഖ്യമന്ത്രിക്കു മുമ്പിൽ നിരത്തി. ഒരു തറവാട്ടുകാരണവരുടെ ഉത്തരവാദിത്തവും സ്നേഹവും തിരിച്ചുനൽകിയാണ് അവരെ അദ്ദേഹം യാത്രയാക്കിയത്. പലരും ആ സ്നേഹത്തിന് മുമ്പിൽ തനകുനിച്ചു വിതുമ്പി.



*മലപ്പുറം ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ പരാതി സ്വീകരിക്കുന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. മന്ത്രിമാരായ പി കെ കുഞ്ഞാലിക്കുട്ടി, എ പി അനിൽകുമാർ സമീപം*

പ്രകാശ് കരിമ്പ

നാൽപതിനായിരത്തിനുമേൽ പരാതികളാണ് മുഖ്യമന്ത്രിക്ക് മുന്നിലെത്തിയത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 27 ലക്ഷം രൂപയും മറ്റ് വകുപ്പുകളിൽ നിന്ന് അലോട്ട് ചെയ്ത ലക്ഷക്കണക്കിന് രൂപയും ധനസഹായമായി വിതരണം ചെയ്തു. ചികിത്സാ സഹായത്തിനാണ് ഏറെത്തുകയും ചെലവഴിച്ചത്. വികലാംഗരായ പെൺകുട്ടികൾക്കും വികലാംഗരുടെ പെൺകുട്ടികൾക്കും 10,000 രൂപ വീതം നൽകി. 40 പേർക്ക് ഇരിക്കാവുന്ന മെയിൻ സ്റ്റേജും 4000 ത്തിലധികം പേർക്ക് ഇരിക്കാവുന്ന പന്തലും വിവിധ വകുപ്പുകളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി 32 കൗണ്ടറുകളും എം എസ് പി ഗ്രൗണ്ടിൽ ഒരുക്കിയിരുന്നു. പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ഗതാഗതം, ക്രമസമാധാനം, രക്ഷാപ്രവർത്തനം തുടങ്ങിയ മേഖലകളിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ ജാഗരൂകരായി നിലയുറപ്പിച്ചു. 5000 ത്തോളം ലഘുഭക്ഷണ കിറ്റുകളും ആവശ്യത്തിനുള്ള കുടിവെള്ളവും സൌജന്യമായി വിതരണെ ചെയ്തു.

റേഷൻ കാർഡ്, വിവിധ സർട്ടിഫിക്കറ്റുകൾ, പട്ടയം, കൈവശാവകാശ രേഖ, ബിൽ തുക, സ്കോളർഷിപ്പ്, മറ്റ് വിവിധ ധനസഹായങ്ങൾ തുടങ്ങിയവ വിവിധ ആനുകൂല്യങ്ങൾ ചടങ്ങിൽ

വിതരണം ചെയ്തു
യുടെ തൽസമയ വെ
നടത്തിയിരുന്നു. ഒന്
യോടെ വേദിയിലെത
മന്ത്രി ഭദ്രദീപം തെള
പാടി ഉദ്ഘാടനം ചെ
ദ്യം ആംബുലൻസുക
ട്ടോറിക്ഷകളിലും കെ
വികലാംഗരും, ചലന
ഷ്ടപ്പെട്ടവരും മാരക
ധിച്ചവരുമായവരെയ
വെയിലിനെ കൂസാ
ന്ത്രി നേരിട്ട് ചെന്നു
ശ്വാസം പകർന്നത്.
വശത അനുഭവിക്കു
ജനങ്ങളുടെ ഇടയി
മന്ത്രി ഇറങ്ങിച്ചെന്ന്
സ്വീകരിച്ചു.

ആദ്യ ധനസഹായ
ഏറനാട് താലൂക്കിലെ
മ്പ് പഞ്ചായത്തിലെ
ണ്ണിയിൽ ഷമീമിനായി
ഹനാപകടത്തെ തുട
തരമായ പരുക്കേറ്റ ഷ
ടർ ചികിത്സക്കായി
യം ലഭ്യമാക്കണമെ
്യപ്പെട്ട് നൽകിയ അ
ണ് നടപടി. ആംബ
കിടന്ന് ജനസമ്പർക്ക
യുടെ വേദിയിലെത്ത
ന് അൻപതിനായിരം
ചെക്ക് മുഖ്യമന്ത്രി



**സങ്കടം അണപൊട്ടി; കാരുണ്യം കടലായൊഴുകി**

*മലപ്പുറത്ത് ജനസമ്പർക്കപരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പരാതി സ്വീകരിക്കുന്നതിനിടയിൽ പൊട്ടിക്കരയുന്ന യുവതി*